സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com | വാല്യം: 60 | ലക്കം: 72 | 2025 ജൂൺ 02 തിങ്കൾ | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in



സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക

Visit Swathanthra Mandapam Online

www.swathanthramandapam.com


### പെൻഷൻ വിതരണത്തിനായി ഉൾപ്പെടെ കെഎസ്ആർടിസിക്ക് സഹായധനം അനുവദിച്ച് സർക്കാർ

തിരു: കെഎസ്ആർടിസിക്ക് സഹായധനം അനുവദിച്ച് സംസ്ഥാന സർക്കാർ. കെഎസ്ആർടിസിക്കായി 93.73 കോടി രൂപ അനുവദിച്ചതായി ധനകാര്യ വകുപ്പ് മന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു. പെൻഷൻ വിതരണത്തിനായി 73.73 കോടി രൂപയും മറ്റ് ആവശ്യങ്ങൾക്കായി 20 കോടി രൂപയുമാണ് അനുവദിച്ചത്.

നിലവിലെ സർക്കാരിന്റെ കാലത്ത് 6401 കോടി രൂപയാണ് കെഎസ്ആർടിസിക്കായി അനുവദിച്ചത്. കഴിഞ്ഞ സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ച 900 കോടി രൂപയ്ക്ക് പുറമെ 676 കോടി രൂപ അധികമായി ലഭിച്ചിരുന്നു. ഈ വർഷം ഇതിനോടകം 343 കോടി രൂപ സർക്കാർ സഹായമായി കെഎസ്ആർടിസിക്ക് നൽകിയതായും ധനകാര്യ മന്ത്രി വ്യക്തമാക്കി.

# കുരുന്നുകളിനി വിദ്യാലയങ്ങളിലേക്ക്

## പ്രവേശനോത്സവം ഉദ്ഘാടനം ചെയ്ത് മുഖ്യമന്ത്രി



ആലപ്പുഴ: വേനലവധിക്കു ശേഷം കുടയും ബാഗുമായി സ്കൂളുകളിലേക്ക് തിരികെയെത്തി കുരുന്നുകൾ. പ്രവേശനോത്സവത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ആലപ്പുഴ കലവൂർ ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ നിർവഹിച്ചു.

പ്രവേശനോത്സവ ചരിത്രത്തിൽ ആദ്യമായി ഒരു വിദ്യാർത്ഥിനിയുടെ കവിത പ്രവേശനോത്സവ ഗാനമാകുന്നു എന്ന പ്രത്യേകതയും ഇത്തവണയുണ്ട്. കൊട്ടാരക്കര താമരക്കുടി എസ് വിഎച്ച്എസ്എസ്സിലെ വിദ്യാർഥിനിയായ ഭദ്ര ഹരി എഴുതിയ ഗാനത്തിന്റെ നൃത്താവിഷ്കാരത്തോടെയാണ് ആഘോഷങ്ങൾ ആരംഭിച്ചത്. മുഖ്യമന്ത്രി പിണറായി വിജയൻ കുട്ടികൾക്ക് നേരിട്ട് പഠനോപകരണങ്ങൾ സമ്മാനമായി നൽകി അറിവിന്റെ ലോകത്തേക്ക് സ്വീകരിച്ചു.

വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി, കൃഷി മന്ത്രി പി. പ്രസാദ്, മന്ത്രി സജി ചെറിയാൻ തുടങ്ങിയവരും എച്ച്. സലാം, ടി.പി. ചിത്തരഞ്ജൻ തുടങ്ങിയ ജന പ്രതിനിധികളും പൊതുവിദ്യാഭ്യാസ ഡയറക്ടർ അടക്കമുള്ള സർക്കാർ ഉദ്യോഗസ്ഥരും ആഘോഷത്തിന്റെ ഭാഗമായി.

വിദ്യാഭ്യാസത്തിന്റെ പ്രധാന ഉന്നംതന്നെ അറിവുനേടലാണെന്നും എന്നാൽ, കുട്ടികളുടെ വിദ്യാഭ്യാസ ജീവിതം അറിവുനേടുന്നതിലേക്ക് മാത്രം ചുരുങ്ങാൻ പാടില്ലെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പ്രവേശനോത്സവം ഉദ്ഘാടനം ചെയ്തുകൊണ്ട് പറഞ്ഞു. എന്താണ് അറിവെന്ന ചോദ്യം ഇന്നത്തെ കാലത്ത് പ്രസക്തമാണെന്നും അദ്ദേഹം വ്യക്തമാക്കി. ജീവിതം കെട്ടിപ്പടുക്കുന്നതിന് അറിവുമാത്രം മതിയാകില്ലെന്നും വിവേകവും വിവേചനബുദ്ധിയും അനിവാര്യമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഏതിനേയും സമീപിക്കേണ്ടത് വിമർശനബുദ്ധിയോടെ ആകണം. ഇത് പ്രാപ്തമാക്കുന്ന രീതിയിൽ വിദ്യാഭ്യാസം മാറേണ്ടതുണ്ടെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

രാജ്യത്തെ സാഹചര്യത്തിലും നമ്മുടെ സമൂഹത്തിന്റെ പ്രത്യേകതയും മുൻനിർത്തി കുട്ടികളിൽ മതനിരപേക്ഷ ചിന്ത വളർത്തിയെടുക്കാൻ കഴിയണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

5 മുതൽ 9വരെയുള്ള ക്ലാസുകളിലെ മൂല്യനിർണയം കർശനമാക്കിയ തീരുമാനം ഉൾപ്പടെ ഒരു പിടി സുപ്രധാനമാറ്റങ്ങളുമായാണ് 2025-ലെ പുതിയ അധ്യയന വർഷം ആരംഭിക്കുന്നത്.

## ബാലിക ഓടയിൽ വീണ് മരിച്ചു

കൊട്ടാരക്കര: സ്കൂൾ പ്രവേശനോത്സവത്തിന് തയാറെടുപ്പ് പൂർത്തിയാക്കികാത്തിരുന്ന പിഞ്ച് ബാലിക ഓടയിൽ വീണ് മരിച്ചു.കൊട്ടാരക്കര പള്ളിക്കൽ പാലവിളയിൽ വീട്ടിൽ അനീഷ്-രശ്മി ദമ്പതികളുടെ മകൾ നാലരവയസ്സുള്ള കല്ല്യാണി (അക്ഷിക) ആണ് മരിച്ചത്. പന്മന കളരി തളിയാഴ്ച കിഴക്കേതിലുള്ള മുത്തച്ഛന്റേയും മുത്തശ്ശിയുടെയും കുടുംബ വീട്ടിൽ ഒന്നരമാസത്തിന് മുമ്പ് അവധി ആഘോഷിക്കാനായി എത്തിയതായിരുന്നു കുട്ടി. വീടിന് സമീപത്തുള്ള ഓടയുടെ സ്ലാബിൽ കൂടി കൂട്ടുകാരുമൊത്ത് സൈക്കിൾ ഉരുട്ടി വരുന്നതിനിടയിൽ സ്ലാബില്ലാത്ത ഭാഗത്ത് ഓടയിൽ വീഴുകയായിരുന്നു.

# 'ഇവർ കാട്ടിക്കൂട്ടിയതിന്റെ തെളിവുകൾ കൈയിലുണ്ട്, പുറത്തുവിടും'

## ഭരണ–പ്രതിപക്ഷ നേതാക്കൾക്കെതിരേ അൻവർ



നിലമ്പൂർ: ഉപതിരഞ്ഞെടുപ്പിൽ ജനകീയ പ്രതിപക്ഷ പ്രതിരോധമുന്നണിയായി മത്സരിക്കാൻ പി.വി. അൻവർ. തൃണമൂൽ കോൺഗ്രസ് ഈ മുന്നണിയെ പിന്തുണക്കും. മൂന്നാം മുന്നണി രൂപീകരണത്തിന്റെ ഭാഗമായാണ് ഈ നീക്കം. കാർഷികം, തൊഴിൽ, വ്യാപാരം, സാമൂഹിക-സാംസ്കാരിക മേഖലയിൽ നിന്നുള്ള സംഘടനകൾ തനിക്ക് പിന്തുണ അറിയിച്ചതായി അൻവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

തനിക്കെതിരേ സാമൂഹിക മാധ്യമങ്ങളിൽ വ്യക്തിഹത്യ നടത്തുകയാണെന്ന് അൻവർ ആരോപിച്ചു. ഇവരുടെ നേതാക്കൾ കാട്ടിക്കൂട്ടിയ പലതിന്റേയും തെളിവുകൾ എന്റെ കൈയിലുണ്ട്. വേണ്ടിവന്നാൽ നിലമ്പൂർ അങ്ങാടിയിൽ ടിവി വെച്ച് അതൊക്കെ കാണിക്കുമെന്നും അദ്ദേഹം ഭീഷണിപ്പെടുത്തി.

ഇവയൊക്കെ പുറത്തുവിട്ടാൽ പിടിച്ചുനിൽക്കാൻ സാധിക്കില്ല. തന്നെ വ്യക്തിഹത്യ നടത്തുന്നതിന് പിന്നിൽ പ്രവർത്തിക്കുന്ന വി.ഡി. സതീശൻ ആയാലും മുഹമ്മദ് റിയാസ് ആയാലും ആര്യാടൻ ഷൌക്കത്ത് ആയാലും തലയിൽ മുണ്ടിട്ട് നിലമ്പൂരിൽനിന്ന് ഓടിയൊളിക്കേണ്ട ഗതികേടുണ്ടാകും. ഇതൊരു വാണിങ് ആയി പറയുകയാണ്. ഒരു പരിധികഴിഞ്ഞാൽ പ്രതിരോധിക്കേണ്ടിവരുമെന്നും അൻവർ പറഞ്ഞു.

മന്ത്രി മുഹമ്മദ് റിയാസിനെതിരേയും അൻവർ ആരോപണം ഉന്നയിച്ചു. നവകേരളസദസിന്റെ പേരിൽ കോൺട്രാക്ടർമാരിൽനിന്ന് കോടിക്കണക്കിന് രൂപ റിയാസ് ഭീഷണിപ്പെടുത്തി പിരിച്ചുവെന്ന് അൻവർ ആരോപിച്ചു. കരാറുകാരെ ഭീഷണിപ്പെടുത്തുന്നതിന്റെ തെളിവുകൾ തന്റെ പക്കലുണ്ടെന്നും അൻവർ പറഞ്ഞു.

തന്നെ വഞ്ചകനെന്ന് വിളിച്ച മുഖ്യമന്ത്രിക്കുള്ള മറുപടി ചൊവ്വാഴ്ച വാർത്താസമ്മേളനത്തിൽ പറയുമെന്ന് അൻവർ വ്യക്തമാക്കി. മുഖ്യമന്ത്രിയുടെ കറിവേപ്പില പരാമർശത്തിനും അദ്ദേഹം മറുപടി പറഞ്ഞു. തന്നെ യുഡിഎഫ് കറിവേപ്പിലയാക്കുമെന്ന് മുഖ്യമന്ത്രിക്ക് നേരത്തെ ആര് വിവരം നൽകിയെന്ന് അദ്ദേഹം ചോദിച്ചു.

തന്നെ മുന്നണിയിൽ എടുത്താൽ പറവൂരിൽ തോൽപ്പിക്കുമെന്ന് മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്ന് വി.ഡി. സതീശനെ ദൂതൻ അറിയിച്ചു. അതുകൊണ്ടാണ് തന്നെ മുന്നണിയിൽ എടുക്കാത്തതെന്നും അൻവർ കൂട്ടിച്ചേർത്തു.

## നിലമ്പൂർ ഉപതെരഞ്ഞെടുപ്പ്: എം. സ്വരാജ് പത്രിക സമർപ്പിച്ചു



മലപ്പുറം: നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ് സ്ഥാനാർഥി എം. സ്വരാജ് നാമനിർദ്ദേശ പത്രിക സമർപ്പിച്ചു. സി.പി.എം പൊളിറ്റ്ബ്യൂറോ അംഗം എ. വിജയരാഘവൻ സംസ്ഥാന കമ്മിറ്റി അംഗം പി.കെ സൈനബ, സി.പി.ഐ സംസ്ഥാന അസി.സെക്രട്ടറി പി.പി സുനീർ എം.പി, മന്ത്രി വി. അബ്ദുറഹ്മാൻ എന്നിവർക്കൊപ്പം എത്തിയാണ് പത്രിക നൽകിയത്.

എൽ.ഡി.എഫ് പ്രവർത്തകർ പ്രകടനമായെത്തിയായിരുന്നു പത്രികാ സമർപ്പണം. ഉപവരാണധികാരിയായ നിലമ്പൂർ തഹസിൽദാർ എം.പി സിന്ധു മുമ്പാകെയാണ് സ്വരാജ് നാമനിർദ്ദേശപത്രിക സമർപ്പിച്ചത്.

സ്ഥാനാർഥി പ്രഖ്യാപനത്തിന് ശേഷം നിലമ്പൂരിൽ വലിയ പിന്തുണ ലഭിച്ചതായി എം. സ്വരാജ് പറഞ്ഞു. ആ പിന്തുണ തുടർന്നുള്ള ദിവസങ്ങളിലും പ്രതിഫലിക്കുമെന്നും എം. സ്വരാജ് പറഞ്ഞു.

തൃണമൂൽ കോൺഗ്രസ് സ്ഥാനാർഥി പി.വി അൻവർ, ബി.ജെ.പി സ്ഥാനാർഥി മോഹൻ ജോർജ് എന്നിവർ ഇന്ന് നാമ നിർദേശപത്രിക സമർപ്പിക്കും. കഴിഞ്ഞ ദിവസം യു.ഡി.എഫ് സ്ഥാനാർഥി ആര്യാടൻ ഷൗക്കത്ത് നാമനിർദേശ പത്രിക സമർപ്പിച്ചിരുന്നു. നാമനിർദേശപത്രിക സമർപ്പിക്കാനുള്ള അവസാന തീയതി ഇന്നാണ്.

## അൻവറിന്റെ വാതിൽ അടച്ചിട്ടില്ല, കൂടെ നിർത്താൻ ലീഗ് ആഗ്രഹിച്ചു

മലപ്പുറം: പി.വി. അൻവർ വിഷയം കൈകാര്യംചെയ്തതിൽ യുഡിഎഫിനുള്ളിലെ അതൃപ്തി പ്രകടമാക്കി മുസ്ലിം ലീഗ്. അൻവറിനെ കൂടെനിർത്തി മുന്നോട്ടുപോവണമെന്നാണ് ലീഗ് ആഗ്രഹിച്ചിരുന്നതെന്ന് മുതിർന്ന നേതാവും വള്ളിക്കുന്ന് എംഎൽഎയുമായ പി. അബ്ദുൽ ഹമീദ് പറഞ്ഞു. കഴിഞ്ഞദിവസം ചേർന്ന യോഗത്തിൽ, സതീശൻ ഇക്കാര്യത്തിൽ അനാവശ്യ വാശി കാണിച്ചെന്ന് ലീഗ് വിമർശിച്ചതിനു പിന്നാലെയാണ് എംഎൽഎ കോൺഗ്രസിനെ പരസ്യമായി തള്ളിപ്പറഞ്ഞത്.

അൻവറിന്റെ പ്രശ്നങ്ങൾ ചർച്ചചെയ്ത് പരിഹരിക്കാൻ യുഡിഎഫ് ഇടപെടണമെന്ന് അബ്ദുൽ ഹമീദ് പറഞ്ഞു. നിലമ്പൂരിൽ ജയിക്കൽ ലീഗിന്റെ മാത്രം ഉത്തരവാദിത്വമല്ല. യുഡിഎഫിന്റെ രാഷ്ട്രീയംതന്നെയാണ് അൻവറിന്റെയും രാഷ്ട്രീയം. അൻവറിനെ കൂടെ നിർത്തി മുന്നോട്ടുപോവണമെന്നാണ് ലീഗ് ആഗ്രഹിച്ചിരുന്നത്. അതിനായി ശ്രമിക്കുകയും ചെയ്തു. അൻവർ ഇപ്പോഴും ഒരു അടഞ്ഞ അധ്യായമല്ല. നാമനിർദേശപത്രിക സമർപ്പിച്ചാലും പിൻവലിക്കാൻ സമയമുണ്ട്. യുഡിഎഫ് നേതൃത്വം പുതിയ സാഹചര്യം മനസ്സിലാക്കി അതിന് മുൻകൈയെടുക്കുമെന്നും ഹമീദ് പറഞ്ഞു.

ലീഗിന് വർധിത സ്വാധീനമുള്ള ജില്ലയാണ് മലപ്പുറം. അൻവർ രാജികൊടുത്ത ഉടനെതന്നെ ഉപതിരഞ്ഞെടുപ്പിന് തയ്യാറായ പാർട്ടിയാണ് ലീഗ്. അൻവറിനെ കൂടെക്കൂട്ടാൻ പാണക്കാട് സയ്യിദ് സാദിഖലി തങ്ങളും പി.കെ. കുഞ്ഞാലിക്കുട്ടിയും വലിയ സമയം ചെലവഴിച്ചിട്ടുണ്ട്. ഈ തിരഞ്ഞെടുപ്പിന് കളമൊരുക്കിയതു തന്നെ അൻവറാണ്. അൻവർ ഇപ്പോഴും പിണറായിക്കെതിരായ യുദ്ധമുഖത്തുണ്ട്. അൻവർ ന്യായമായ എന്ത് ആവശ്യമുന്നയിച്ചാലും പരിഗണിക്കുമെന്നും ഹമീദ് അറിയിച്ചു.

പി.വി. അൻവറിനെ അനുനയിപ്പിക്കാൻ വി.ഡി. സതീശൻ ശ്രമിച്ചില്ലെന്നും അനാവശ്യ വാശി ഇക്കാര്യത്തിൽ അദ്ദേഹം കാണിച്ചെന്നും ആരോപിച്ച് കഴിഞ്ഞദിവസം മുസ്ലിം ലീഗ് രംഗത്തെത്തിയിരുന്നു. നിലമ്പൂർ ഉപതിരഞ്ഞെടുപ്പ് ചുമതലയുള്ള മുസ്ലിംലീഗ് നേതാക്കളുടെ യോഗത്തിലാണ് വിമർശനം.

കോൺഗ്രസ് നേതൃത്വം വിഷയം വഷളാക്കി. അൻവർ മത്സരിച്ചാലും മണ്ഡലത്തിൽ യുഡിഎഫിന് വിജയസാധ്യതയുണ്ടെന്നും യോഗത്തിൽ വിലയിരുത്തി. അതേസമയം, പോസിറ്റീവായിട്ടുള്ള അഭിപ്രായങ്ങളും ചർച്ചകളുമാണ് യോഗത്തിലുണ്ടായിട്ടുള്ളതെന്ന് കുഞ്ഞാലിക്കുട്ടി പ്രതികരിച്ചു.

## 'ജോ ബൈഡൻ കൊല്ലപ്പെട്ടു; ഇപ്പോളുള്ളത് ക്ലോൺ'; വിചിത്ര പോസ്റ്റ് പങ്കിട്ട് ട്രംപ്

വാഷിംഗ്ടൺ: മുൻ അമേരിക്കൻ പ്രസിഡൻറ് ജോ ബൈഡൻ വർഷങ്ങൾക്ക് മുൻപ് മരിച്ചുവെന്നും ഇപ്പോഴുള്ളത് അദ്ദേഹത്തിൻറെ ക്ലോൺ ആണെന്നുമുള്ള വിചിത്ര പ്രസ്താവന പങ്കിട്ട് അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ്. ഞായറാഴ്ച ട്രൂത്ത് സോഷ്യലിലെ ഒരു അക്കൗണ്ടിലൂടെ പുറത്തുവന്ന പ്രസ്താവനയാണ് അമേരിക്കൻ പ്രസിഡൻറും പങ്കിട്ടത്. ജോ ബൈഡന് പ്രോസ്റ്റേറ്റ് കാൻസർ സ്ഥിരീകരിച്ച് ആഴ്ചകൾക്ക് ശേഷമാണ് പുതിയ 'സിദ്ധാന്തം' പുറത്തുവരുന്നത്.

'ജോ ബൈഡൻ 2020 ൽ മരിച്ചു. അദ്ദേഹത്തെ വധിച്ചു. പകരം റോബോട്ടിക് എൻജിനീയറിങിന്റെ സഹായത്തോടുകൂടി ആത്മാവില്ലാത്ത, ബുദ്ധിശൂന്യമായ ഒരു ക്ലോൺ സൃഷ്ടിക്കപ്പെട്ടു. ജോ ബൈഡനെ അല്ല, ആത്മാവില്ലാത്ത, ബുദ്ധിശൂന്യമായ ബൈഡൻ ക്ലോണുകളെ, ഡബിൾസിനെയാണ് നിങ്ങൾ കാണുന്നത്' എന്നാണ് പോസ്റ്റിൽ പറയുന്നത്. ഡെമോക്രാറ്റുകൾക്ക് പോലും ഈ വിത്യാസം തിരിച്ചറിയാൻ പറ്റില്ലെന്നും പോസ്റ്റിൽ പറയുന്നു. ഈ പോസ്റ്റ് പ്രത്യേകിച്ച് ഒന്നും എഴുതാതെ, സ്വന്തം അഭിപ്രായങ്ങൾ കുറിക്കാതെയാണ് ട്രംപ് പങ്കുവച്ചിരിക്കുന്നത്. ഒരു തീവ്ര ഗൂഢാലോചന സിദ്ധാന്തത്തെ വളർത്തിയെടുക്കുന്ന നീക്കമാണ് ട്രംപിൻറേത് എന്നാണ് പിന്നാലെ ഉയരുന്ന വിമർശനം.

സ്റ്റേജ് 4 മെറ്റാസ്റ്റാറ്റിക് പ്രോസ്റ്റേറ്റ് കാൻസർ സ്ഥിരീകരിച്ചതിന് പിന്നാലെ ബൈഡന്റെ ആരോഗ്യത്തെക്കുറിച്ചുള്ള ആശങ്കകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിലാണ് പുതിയ പോസ്റ്റ്. കാൻസർ എല്ലുകളിലേക്കും പടർന്നതായിട്ടായിരുന്നു ബൈഡന്റെ ഓഫിസ് പുറത്തുവിട്ട പ്രസ്താവനയിൽ പറഞ്ഞത്. പിന്നാലെ വലിയ വേദനയോടെയാണ് താനും മെലാനിയയും ബൈഡന്റെ രോഗവിവരം കേട്ടതെന്നും എത്രയും വേഗം സുഖം പ്രാപിച്ച് ബൈഡൻ മുൻപത്തേക്കാൾ ഊർജത്തോടെ തിരിച്ചുവരട്ടെയെന്നും യുഎസ് പ്രസിഡന്റ് ഡോണൾഡ് സമൂഹമാധ്യമങ്ങളിൽ കുറിച്ചിരുന്നു.



33 വർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം തൃശൂർ MACT യിൽ നിന്നും 31-5-2025ന് വിരമിച്ച ശിരസ്തദാർ **ശ്രീകുമാർ എച്ച്**

## ട്രാൻസ് ദമ്പതികളുടെ കുട്ടികളുടെ ജനന സർട്ടിഫിക്കറ്റിൽ അച്ഛൻ, അമ്മ വേണ്ട

കൊച്ചി: ട്രാൻസ് ദമ്പതികളുടെ കുട്ടികളുടെ ജനന സർട്ടിഫിക്കറ്റിൽ അച്ഛൻ, അമ്മ എന്നതിനു പകരം മാതാപിതാക്കൾ എന്ന് ചേർക്കാമെന്ന് ഹൈക്കോടതി. ട്രാൻസ് ദമ്പതികളുടെ മക്കൾക്കുള്ള അപേക്ഷയിൽ അച്ഛൻ, അമ്മ കോളങ്ങൾ ഒഴിവാക്കണമെന്നും കോടതി ഉത്തരവിട്ടു. ജസ്റ്റിസ് സിയാദ് റഹ്മാൻ ആണ് വിധി പുറപ്പെടുവിച്ചത്. കോഴിക്കോട് സ്വദേശികളായ ട്രാൻസ് ദമ്പതികൾ നൽകിയ ഹർജിയിലാണ് വിധി.

2023 ഫെബ്രുവരിയിലാണ് ട്രാൻസ് ദമ്പതികളായ സിയക്കും സഹദിനും കുഞ്ഞ് ജനിക്കുന്നത്.സംസ്ഥാനത്തെ ആദ്യ ട്രാൻസ് മാതാപിതാക്കളാണ് സഹദും സിയയും. കോർപറേഷനിൽ കുഞ്ഞിന്റെ ജനനം രജിസ്റ്റർ ചെയ്യുകയും ജനന സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു. എന്നാൽ അതിൽ പിതാവിന്റെ പേര് സിയ പാവൽ എന്നും മാതാവിന്റെ പേര് സഹദ് എന്നുമാണ് രേഖപ്പെടുത്തിയത്.



28 വർഷത്തെ സേവനത്തിനു ശേഷം തൃശൂർ MACT യിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽനിന്നും വിരമിച്ച **ജയശ്രീ കെ ആർ**

## അണ്ണാ യൂനിവേഴ്സിറ്റി എൻജിനീയറിങ് വിദ്യാർഥിയെ ബലാത്സംഗം ചെയ്ത പ്രതിക്ക് 30 വർഷം തടവ്; 90,000 രൂപ പിഴ

ചെന്നൈ: അണ്ണായൂനിവേഴ്സിറ്റിയിലെ എൻജിനീയറിങ് വിദ്യാർഥിനിയെ ബലാത്സംഗം ചെയ്ത പ്രതിക്ക് 30 വർഷം തടവുശിക്ഷ വിധിച്ച് കോടതി. 90,000 രൂപ പിഴയും ചുമത്തി. ഒരാഴ്ച മുമ്പാണ് പ്രതിയായ ഗുണശേഖരനെതിരെ(37) കോടതി കുറ്റം ചുമത്തിയത്. ഇയാൾക്കെതിരെ ഏഴു കുറ്റങ്ങളാണ് ചുമത്തിയിട്ടുള്ളത്.

കഴിഞ്ഞ ഡിസംബർ 23നാണ് കുറ്റകൃത്യം നടന്നത്. അണ്ണായൂനിവേഴ്സിറ്റിക്ക് സമീപം ബിരിയാണി കട നടത്തുകയാണ് ഗുണശേഖരൻ. രാത്രി സുഹൃത്തിനൊപ്പം ഹോസ്റ്റലിലേക്ക് നടന്നുപോവുകയായിരുന്ന വിദ്യാർഥിനിയെ കോളജ് ക്യാമ്പസിൽ അതിക്രമിച്ച് കടന്ന പ്രതി ഭീഷണിപ്പെടുത്തിയ ശേഷം ബലം പ്രയോഗിച്ച് ബലാത്സംഗം ചെയ്തത്. അതിന്റെ ദൃശ്യങ്ങളും പകർത്തി. സംഭവം പുറത്തുപറഞ്ഞാൽ ഇതിന്റെ ദൃശ്യങ്ങൾ പുറത്തുവിടുമെന്നും ഭീഷണിപ്പെടുത്തി. എന്നാൽ പെൺകുട്ടി പിറ്റേദിവസം തന്നെ പൊലീസ് പരാതി നൽകി.

കോടതി വിധി സ്വാഗതം ചെയ്ത എ.ഐ.എ.ഡി.എം.കെ നേതാവ് എടപ്പാടി കെ. പളനിസ്വാമി, ഭരണകക്ഷിയായ ഡി.എം.കെ കുറ്റവാളിയെ സംരക്ഷിക്കാൻ ശ്രമിച്ചതായും ആരോപിച്ചു. പ്രതി ഡി.എം.കെ പ്രവർത്തകനാണെന്നും പ്രതിപക്ഷം ആരോപിച്ചിരുന്നു. മദ്രാസ് ഹൈകോടതിയുടെ നിർദേശപ്രകാരം അന്വേഷണത്തിനായി പ്രത്യേക സംഘം രൂപീകരിച്ചു.

ഗുണശേഖരനെ ഡിസംബർ 25ന് തന്നെ പൊലീസ് അറസ്റ്റ് ചെയ്തിരുന്നു. എന്നാൽ തന്നെ സംശയത്തിന്റെ അടിസ്ഥാനത്തിലാണ് അറസ്റ്റ് ചെയ്തതെന്നും തനിക്കെതിരെ തെളിവുകളില്ലെന്നും കാണിച്ച് ഗുണശേഖരൻ കോടതിയെ സമീപിച്ചിരുന്നു. എന്നാൽ പ്രതിക്കെതിരായ കുറ്റങ്ങൾ സംശയാതീതമായി തെളിഞ്ഞതായി ജഡ്ജി ചൂണ്ടിക്കാട്ടി.

## ലോകത്ത് ആദ്യമായി മൂത്രസഞ്ചി തുന്നിപ്പിടിപ്പിച്ചു

ലോസ്എയ്ഞ്ചൽസ്: രണ്ട് വൃക്കകൾക്കും മൂത്രസഞ്ചിക്കും തകരാറുണ്ടായതിനെ തുടർന്ന് ഏഴ് വർഷമായി ഓസ്കർ ലാറെൻസർ മൂത്രമൊഴിക്കാറുണ്ടായിരുന്നില്ല. അർബുദം ബാധിച്ചതിനെ തുടർന്ന് ഇദ്ദേഹത്തിന്റെ മൂത്രസഞ്ചി 34-ാം വയസ്സിൽ നീക്കം ചെയ്യേണ്ടി വന്നു. അതിന് ശേഷം ഡയാലിസിസ് വഴിയാണ് ഇത്രയും നാൾ ഓസ്കർ ലാറെൻസർ ജീവിതം നിലനിർത്തിപ്പോന്നത്. ഈയിടെ അദ്ദേഹത്തെ അമേരിക്കയിലെ ലോസ് എഞ്ചൽസിലുള്ള റൊണാൾഡ് റീഗൻ യുസിഎൽഎ മെഡിക്കൽ സെൻററിൽ ശസ്ത്രക്രിയയ്ക്ക് വിധേയനാക്കി.

### കോടതി പരസ്യം

**ബഹു. തൃശൂർ മൂന്നാം അഡീഷ്ണൽ ജില്ലാ കോടതി മുമ്പാകെ**

GOP: 99/2025

തൃശൂർ താലൂക്ക്, പൂത്തോൾ പി ഒ., അഞ്ചങ്ങാടി നോർത്ത് ദേശത്ത്, 18/303/1, ചിറമ്മൽ ഹൗസിൽ താമസം സി വി ജോസഫ് എന്നവരുടെ മകളും മരിച്ച സെബാസ്റ്റ്യൻ ജോസ് പൊന്മാണി എന്നവരുടെ ഭാര്യയുമായ 36 വയസ്, റോസ്മി ജോസഫ് സി.

– ഹരജിക്കാരി

1) റൂബീന ജോസ്, 63 വയസ് W/o. Late ജോസ് പൊന്മാണി, Flat No. 4/537/25, 1st Block, Pentark, South Park Apartment, കണ്ണംകുളങ്ങര ദേശം, കൂർക്കഞ്ചേരി പി ഒ., തൃശൂർ താലൂക്ക്, തൃശൂർ ജില്ല

2) സ്റ്റാൻസി മരിയ ജോസ്, 32 വയസ്, D/o. Late ജോസ് പൊന്മാണി, Flat No. 4/537/25, 1st Block, Pentark, South Park Apartment, കണ്ണംകുളങ്ങര ദേശം, കൂർക്കഞ്ചേരി പി ഒ., തൃശൂർ താലൂക്ക്, തൃശൂർ ജില്ല

–എതൃകക്ഷികൾ

ഹരജിക്കാരിക്കൊപ്പം താമസിക്കുന്ന ഹരജിക്കാരിയുടെയും ഹരജിക്കാരിയുടെ ഭർത്താവ് മരിച്ച സെബാസ്റ്റ്യൻ ജോസ് പൊന്മാണി എന്നവരുടെയും മകൻ 15-06-2016 ൽ ജനിച്ച ആൺകുട്ടി, ഇയാൻ സെബാസ്റ്റ്യൻ (IAN SABASTIAN)

–മൈനർ

ഹരജിക്കാരിയുടെ ഭർത്താവും 1-ാം എതൃകക്ഷിയുടെ മകനും 2-ാം എതൃകക്ഷിയുടെ സഹോദരനുമായ സെബാസ്റ്റ്യൻ ജോസ് പൊന്മാണി എന്നവർ മരിച്ചുപോയിട്ടുള്ളതും ടിയാന്റെ മകൻ മൈനർ ഇയാൻ സെബാസ്റ്റ്യൻ എന്നവരുടെ ദേഹത്തിന്റെയും സ്വത്തിന്റെയും രക്ഷിതാവും ഗാർഡിയനും മാനേജരുമായി ഹരജിക്കാരിയെ നിയമിക്കുന്നതിനും അയ്യന്തോൾ വില്ലേജ് സർവ്വെ 1141/3 P യിൽ 6.62 സെന്റും 1141/4 P യിൽ 2.23 സെന്റും അരണാട്ടുകര വില്ലേജ് സർവ്വെ 212 /4 P യിൽ 24.960 സെന്റും വഹകളിൽ മൈനർക്കുള്ള അവകാശം ക്രയവിക്രയം ചെയ്യുന്നതിനും പ്രതിഫല സംഖ്യ കൈപ്പറ്റുന്നതിനും പ്രതിഫല സംഖ്യ നാഷണലൈസ്ഡ് ബാങ്കിൽ നിക്ഷേപിച്ച് രശീതി ഹാജരാക്കുന്നതിനും മറ്റും ഹരജിക്കാരിയെ അനുവദിച്ച് ഉത്തരവുണ്ടാകുന്നതിന് ബോധിപ്പിച്ച മേൽ നമ്പർ കേസ് **23-06-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ളതും ടി കാര്യത്തിൽ ആക്ഷേപമുള്ളവർ അന്നേദിവസം രാവിലെ 11 മണിക്ക് ബഹു. കോടതിയിൽ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതാണെന്നുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു

എന്ന്, 05-04-2025

ഹരജിഭാഗം അഡ്വക്കേറ്റ്

**കെ എം തോമസ് രാജ്** (ഒപ്പ്)

### അറിയിപ്പ്

ആനന്ദപുരം 65-ാം നമ്പർ ഹരിജൻ സഹകരണ സംഘം പ്രസിഡന്റ് പേരിൽ കാനാട്ട് ശങ്കരമേനോൻ പക്കൽ നിന്നും കല്ലേറ്റുംകര റജിസ്ട്രി 1970 ലെ 1189 നമ്പർ തീറാധാര പ്രകാരം 3.64 ആർസ് വഹകൾ തീറും കൈവശവും സിദ്ധിച്ചിട്ടുള്ളതും ടി വഹകൾ ആനന്ദപുരം വില്ലേജിൽ 537/B നമ്പർ തണ്ടാപേർ പ്രകാരം പോക്കുവരവ് ചെയ്ത് കരം അടച്ചു വരുന്നതുമാകുന്നു. ടി വഹകളുടെ ഒറിജിനൽ ആധാരം ചിതലരിച്ച് നഷ്ടപ്പെട്ടിട്ടുള്ളതായതിനാൽ ടി ആധാരത്തിന്റെ സർട്ടിഫൈഡ് പകർപ്പ് വച്ച് മുരിയാട് സഹകരണ ബാങ്കിൽ നിന്നോ മറ്റ് സഹകരണ സ്ഥാപനങ്ങളിൽ നിന്നോ വായ്പ എടുക്കുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ഈ പരസ്യ തിയ്യതി മുതൽ 7 ദിവസത്തിനുള്ളിൽ സംഘത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

എന്ന് **പ്രസിഡന്റ്** (ഒപ്പ്)

**65-ാംനമ്പർ ഹരിജൻ സഹകരണ സംഘം**

**പി.ഒ. ആനന്ദപുരം ഫോൺ: +91 97446 27435**


16th Death Anniversary (14-5-2025) | 4th Death Anniversary (1-6-2025)



N.K. SHRIDHARAN

Advocate & Notary Public

K.N. RAJESWARY

Retd. Principal

'Nambanath', Ayyanthole, Thrissur-3

Daughter: Sreeja Sivadas | Son: Adv. Shrikumar Nambanath

Son in-law: V.S. Sivadas (Late) | Daughter in-law: Dr. Sapna Shrikumar

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



## സർക്കാർ ആശാവർക്കർമാരോടുള്ള യുദ്ധം അവസാനിപ്പിക്കണം: അഡ്വക്കേറ്റ് ഷാജൻ മഞ്ഞളി

ആമ്പല്ലൂർ: ന്യായമായ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് മാസങ്ങളായി രാപ്പകൽ സമര യാത്ര ഉൾപ്പടെയുള്ള സമര പരിപാടികളുമായി മുന്നോട്ടു പോകുന്ന ആശ വർക്കർ മാരോടുള്ളസർക്കാരിന്റെ യുദ്ധം അവസാനിപ്പിക്കണമെന്നും സമരം രമ്യമായി ഒത്തുതീർപ്പിലാക്കണമെന്നും സാമൂഹ്യ സുരക്ഷാ പെൻഷനേഴ്സ് ജനത എസ് എസ് പി ജെ സംസ്ഥാന രക്ഷാധികാരി അഡ്വക്കേറ്റ് ഷാജൻ മഞ്ഞളി ആവശ്യപ്പെട്ടു.

നാലാം വാർഷികം ആഘോഷിച്ച എൽഡിഎഫ് സർക്കാർ സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക തീർത്ത് നൽകണമെന്നും 75 വയസ്സു കഴിഞ്ഞവർക്ക് മസ്റ്ററിങ് വീടുകളിൽ എത്തി സൗജന്യമായി നടത്തണമെന്നും രൂക്ഷമായ വിലക്കയറ്റവും ചികിത്സാ ചെലവ് ഉൾപ്പെടെയുള്ള ജീവിത ചെലവുകളുടെ വർദ്ധനവും പരിഗണിച്ച് പെൻഷൻ തുക ആനുപാതികമായി വർദ്ധിപ്പിക്കണമെന്നും ഇക്കാര്യത്തിൽ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കമ്മീഷനെ നിയോഗിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ദേശീയപാതയുടെ ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ നിർമ്മാണ ഘട്ടത്തിൽ തന്നെ വിജിലൻസ് അന്വേഷണവും സോഷ്യൽ ഓഡിറ്റിങ്ങും നടത്തി അപാകവും അഴിമതിയും കണ്ടെത്തി നടപടികൾ എടുക്കുമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

## ആം ആദ്മി പാർട്ടി ജില്ലാ ഭാരവാഹികൾ മെത്രാപ്പോലീത്തയെ കണ്ടു



തൃശൂർ: റോമൻ കത്തോലിക്കാ സഭയുടെ തൃശൂർ അതിരൂപതാ ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് തിരുമേനിയെ ആം ആദ്മി പാർട്ടി തൃശ്ശൂർ ജില്ല ഭാരവാഹികൾ സന്ദർശിച്ചു ചർച്ച നടത്തി.

സംസ്ഥാന ഫൈനാൻസ് കമ്മിറ്റി അംഗം ഷാജി ഫ്രാൻസിസ്, ജില്ലാ പ്രസിഡന്റ് ഡോ. ഷാജു കാവുങ്കൽ, ജില്ലാ വൈസ് പ്രസിഡന്റ് ഡോ. ഉണ്ണികൃഷ്ണൻ സി.എസ്., തൃശൂർ മണ്ഡലം പ്രസിഡണ്ട് ആന്റണി തട്ടിൽ, ഒല്ലൂർ മണ്ഡലം പ്രസിഡന്റ് ജോൺസൻ ഐനിക്കൽ, മണലൂർ മണ്ഡലം പ്രസിഡണ്ട് സെബി ജോൺ കുറ്റൂക്കാരൻ എന്നിവർ സന്നിഹിതരായിരുന്നു.

## ബസിൽ വച്ച് കൗമാരക്കാരിയെ ലൈംഗികമായി പീഡിപ്പിക്കാൻ ശ്രമിച്ചയാൾക്ക് 6 വർഷം കഠിനതടവും പിഴയും

തൃശ്ശൂർ: കൊടുങ്ങല്ലൂർ റൂട്ടിൽ ഓടുന്ന മിലൻ എന്ന ബസ്സിൽ വച്ചാണ് 2021 ജൂൺ 30ന് കേസിനാസ്പദമായ സംഭവം നടന്നത് രാവിലെ 8 മണിയോടെ കോളേജിലേക്ക് പോവുക ആയിരുന്ന കൗമാരക്കാരിയെ പ്രതിയായ പുല്ലൂറ്റ് സ്വദേശി മുറിങ്ങത്തറ വീട്ടിൽ (50) സുരേഷ് ഓടുന്ന ബസിൽ വച്ച് ഉപദ്രവിച്ചത് തുടർന്ന് പ്രതിയെ കയ്യോടെ പിടികൂടിയ പെൺകുട്ടി യുടെ ആവശ്യ പ്രകാരം വിവരം പൊലീസിൽ അറിയിച്ചു പ്രതിയെ അറസ്റ്റ് ചെയ്യുകയായിരുന്നു.

നെടുപുഴ പൊലീസ് രജിസ്റ്റർ ച്ചെയ്ത കേസിൽ പ്രോസിക്യൂഷൻ 19 സാക്ഷികളെ വിസ്തരിച്ചു. പ്രതിക്ക് കണ്ണ് കാണില്ലെന്ന് വാദിച്ച പ്രതിഭാഗത്തിന്റെ ആയത് തെളിയിക്കാൻ സാധിച്ചില്ല. സമൂഹത്തിന് സന്ദേശമാകണം ശിക്ഷ എന്ന പ്രോസിക്യൂഷൻ വാദം പരിഗണിച്ചാണ് പ്രതിക്ക് 6വർഷം കഠിന തടവും 20000 രൂപ പിഴയും തൃശ്ശൂർ ഫാസ്റ്റ് ട്രാക്ക് ജഡ്ജ് ഷെറിൻ ആഗ്നസ് ഫെർണാസ് ശിക്ഷ വിധിച്ചത്. പ്രോസിക്യൂഷനു വേണ്ടി പബ്ളിക് പ്രോസിക്യൂട്ടർ ലിജി മധു, അഡ്വ.പി ആർ ശിവ എന്നിവർ ഹാജരായി

## വി എം ഷൈന് ജന്മനാടിന്റെ സ്നേഹാദരം




ഇരിങ്ങാലക്കുട: കേരള സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിന്നും സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസ്സിറ്റന്റ് തസ്തികയിൽ നിന്നും വിരമിച്ച KGOU സംസ്ഥാന ജനറൽ സെക്രട്ടറിയും, എം ഇഎസ് സംസ്ഥാന കമ്മിറ്റി അംഗവും, അലിവ് ചാരിറ്റബിൾ സൊസൈറ്റി പ്രസിഡണ്ടുമായ വി.എം ഷൈന് ജന്മനാടായ എറിയാട് സ്നേഹോഷ്മള സ്വീകരണം നൽകി.


എറിയാട് പഞ്ചായത്ത് പ്രസിഡന്റ് കെ.പി. രാജൻ, പ്രതിപക്ഷ പാർലിമെന്ററി പാർട്ടി നേതാവ് പി.കെ. മുഹമ്മദ് എന്നിവർ ചേർന്ന് സ്വീകരിച്ച് വി.എം ഷൈനെ 300 ൽ അധികം പേർ വാദ്യമേളങ്ങളുടെ അകമ്പടിയോടെ സ്വീകരണ വേദിയിലേക്ക് ആനയിച്ചു. സ്വീകരണ സമ്മേളനം ഇ.ടി. ടൈസൻ മാസ്റ്റർ എം എൽഎ ഉദ്ഘാടനം ചെയ്തു.

മുൻ എം.പി. ടി.എൻ പ്രതാപൻ ഉപഹാരസമർപ്പണം നടത്തി. സ്വാഗത സംഘം ചെയർമാൻ ഇ.കെ. സോമൻ മാസ്റ്റർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ കൺവീനർ കെ.എം. അബ്ദുൾജമാൽ സ്വാഗത പ്രസംഗം നടത്തി.

എംഇഎസ് സംസ്ഥാന ജനറൽ സെക്രട്ടറി കെ.കെ. കുഞ്ഞുമൊയ്തീൻ, ഡിസിസി വൈസ് പ്രസിഡണ്ട് ടി.എം. നാസർ, ഡിസിസി സെക്രട്ടറി ജയിംസ് പോൾ, കോൺഗ്രസ് നേതാവ് സി.എസ്. രവീന്ദ്രൻ, പേബസാർ മഹല്ല് ഖത്തീബ് റിയാസ് അൽ ഹസനി, എറിയാട് ബ്ലോക്ക് പ്രസിഡണ്ട് പി ബി മൊയ്തു മതിലകം ബ്ലോക്ക് പ്രസിഡണ്ട് സുനിൽ പി.മേനോൻ, കൊടുങ്ങല്ലൂർ ബ്ലോക്ക് പ്രസിഡണ്ട് ഇ എസ് സാബു നിയോജക മണ്ഡലം യു ഡി എ ഫ് കൺവീനർ പി.എസ്. മുജീബ് റഹ്മാൻ, എൻജിഒ അസോസിയേഷൻ മുൻ സംസ്ഥാന പ്രസിഡണ്ട് എൻ കെ ബെന്നി, എൻജിഒ എ ജില്ലാ പ്രസിഡണ്ട് ഡെയ്സൺ, ഗാന്ധിവ് കളക്ടീവ് സംസ്ഥാന സെക്രട്ടറി ഇസാബിൻ അബ്ദുൾ കരീം, പെൻഷൻ ഈസ് ലീഗ് സംസ്ഥാന സെക്രട്ടറി പി.എസീതി എൻആർ ഐ വ്യവസായി സ കൊണ്ടാമ്പുള്ളി, മുസ്ലിം ലീഗ് നിയോജക മണ്ഡലം സെക്രട്ടറി സി.എ. ജലീൽ, മുസ്ലിം ജില്ലാ കമ്മിറ്റി അംഗം യൂസഫ്പടിയത്ത് എന്നിവർ ആശംസകൾ അർപ്പിച്ചു.

വിവിധ സംഘടനാ പ്രതിനിധികളായ അഴീക്കോട് സഹകരണ ബാങ്ക് ബാങ്ക് പ്രസിഡണ്ട് പി.പി. ജോൺ, എംഇഎസ് ജില്ലാ പ്രസിഡണ്ട് പി കെ മുഹമ്മദ് ഷെമീർ, അസ്മാബി കോളേജ് ചെയർമാൻ ആസ്പിൻ അഷ്റഫ്, എറിയാട് മണ്ഡലം പ്രസിഡണ്ട് പി. എ മുഹമ്മദ് സഗീർ അഴീക്കോട് കോൺഗ്രസ് മണ്ഡലം പ്രസിഡണ്ട് കെ.എം. സാദത്ത്, തീരദേശ ഹൈവേ അവകാശ സംരക്ഷണ സമിതി പ്രസിഡണ്ടും എം.ഇ.എസ്. താലൂക്ക് പ്രസിഡണ്ടുമായ എ.എ. മുഹമ്മദ് ഇക്ബാൽ എറിയാട് സഹകരണ ബാങ്ക് വൈസ് പ്രസിഡണ്ട് അഡ്വ സക്കീർ കെഎസ് എസ് പി.എ താലൂക്ക് പ്രസിഡണ്ട് സെയ്തുമുഹമ്മദ് മാസ്റ്റർ, വി.കെ. സെയ്തു, അബ്ദുൾ റഷീദ്, KK അബു, Dr. KK നസീർ, KS രാജീവൻ,സലീം അറക്കൽ, KK സുൾഫി, നസീർ കാതിയാളം, അഡ്വ നജീബ്, സിദ്ധീഖ് പഴങ്ങാടൻ, PA കരുണാകരൻ, PK റഷീദ്, അബ്ദുൾ സലാം, എന്നിവർ പൊന്നാടയണിയിച്ചു. MES സംസ്ഥാന സമിതി അംഗം,അലീവ് ചാരിറ്റബിൾ സൊസൈറ്റി പ്രസിഡന്റ്, തീരദേശ റോഡ് സംരക്ഷണ സമിതി അംഗം, തുടങ്ങി നിരവധി സംഘടനകളിലും പൊതുരംഗത്തും സജീവമാണ് വി എം ഷൈൻ.

## വിദേശത്ത് ജോലിക്ക് വിസ ശരിയാക്കാം എന്നു പറഞ്ഞ് 4,93,500 രൂപയുടെ തട്ടിപ്പ് നടത്തിയ കേസിലെ പ്രതി റിമാന്റിൽ



മാള : മാള അഷ്ടമിച്ചിറ സ്വദേശി പാലക്കാടൻ വീട്ടിൽ ഹരിദാസൻ എന്നയാളുടെ മകന് ജോർജിയായിൽ ജോലിക്ക് വിസ ശരിയാക്കി കൊടുക്കാമെന്നു പറഞ്ഞ് വിശ്വസിപ്പിച്ച് 30-09-2024 തിയ്യതി മുതൽ 25-11-2024 തിയ്യതി വരെയുള്ള കാലയളവിൽ പല തവണകളായി 4,93,500 രൂപ പ്രതിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് അയച്ച് വാങ്ങി വിസ ശരിയാക്കി കൊടുക്കാതെ തട്ടിപ്പ് നടത്തിയ സംഭവത്തിന് മാള പോലീസ് സ്റ്റേഷനിൽ ഹരിദാസന്റെ പരാതിയിൽ കേസ് രജിസ്റ്റർ ചെയ്തിരുന്നു. ഈ കേസിലെ പ്രതിയായ മാടക്കത്തറ പാണ്ടിപ്പറമ്പ് സൂര്യനഗർ സ്വദേശി ഷാൻ എന്നറിയപ്പെടുന്ന ഷെനീർ 39 വയസ് എന്നയാളെയാണ് മാള പോലീസ് അറസ്റ്റ് ചെയ്തത്. 31-05-2025 തിയ്യതി കോടതിയിൽ ഹാജരാക്കിയ ഷെനീറിനെ റിമാന്റ് ചെയ്തു

ഷെനീർ കുന്നംകുളം പോലീസ് സ്റ്റേഷനിലെ ഒരു തട്ടിപ്പ് കേസിലെ പ്രതിയാണ് മാള പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ മുഹമ്മദ് ബാഷി, എ എസ് ഐ ഷീജ എന്നിവർ ചേർന്നാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

## കുടുംബശ്രീ സംസ്ഥാന കലോത്സവത്തിൽ മിന്നുന്ന താരമായി ശ്രീദേവി ടീച്ചർ



ചാവക്കാട്: അരങ്ങ് കുടുംബശ്രീ സംസ്ഥാന കലോത്സവത്തിൽ മോഹിനിയാട്ടം, ഭരതനാട്യം, നാടോടി നൃത്തം എന്നിവയിൽ തിളക്കമാർന്ന വിജയം നേടിയാണ് ശ്രീദേവി ടീച്ചർ തിളക്കമാർന്ന ഈ നേട്ടം കൈവരിച്ചത്. ഈ ഇനങ്ങളിൽ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടിയാണ് ടീച്ചർ ഈ നേട്ടങ്ങൾക്കർഹയായത്. സ്കൂൾ കാലഘട്ടത്തിൽ കലോത്സവങ്ങളിൽ നിരവധി തവണ ഒന്നാം സ്ഥാനങ്ങൾ നേടിയിട്ടുണ്ട്. നിലവിൽ 25 വർഷമായി തൃശ്ശൂർ പാവറട്ടിക്ക് സമീപം കാക്കശ്ശേരിയിൽ സ്കൂൾ ടീച്ചറാണ്.

ഗുരുവായൂരിനടുത്ത് ചെമ്മണ്ണൂരിലും വെങ്കിടങ്ങിലും 2 പരിശീലന കളരികളിലും ഡാൻസ് ഭരതനാട്യം മോഹിനിയാട്ടം എന്നിവക്ക് പ്രത്യേക പരിശീലനവും ടീച്ചർ നല്കിവരുന്നു. ബാങ്ക് ഉദ്യോഗസ്ഥനായ ഭർത്താവ് സുജീഷിനും, മക്കൾക്കും ഒപ്പമാണ് ഇവർ മത്സര വേദിയിൽ എത്തിയത്. കുടുംബശ്രീ പ്രസ്ഥാനത്തിന്റെ വളർച്ചയും അത് നൽകുന്ന കരുത്തും ആത്മവിശ്വാസവും ചെറുതല്ല എന്ന അഭിപ്രായം ശ്രീദേവി ടീച്ചർ പങ്കുവെച്ചു. യശ്ശഃശരീരനായ നടൻ തിലകന്റെ പേരിലുള്ള പ്രതിഭാ പുരസ്ക്കാരത്തിനും മുൻപ് ടീച്ചർ അർഹയായിട്ടുണ്ട്.

## നമ്മുടെ ഭൂമി നമ്മുടെ ഉത്തരവാദിത്വം എസ് വൈ എസ് പരിസ്ഥിതി ക്യാമ്പയിൻ ആരംഭിച്ചു




കേച്ചേരി : നമ്മുടെ ഭൂമി നമ്മുടെ ഉത്തരവാദിത്വം എന്ന പ്രമേയത്തിൽ ജൂൺ - 1- 10 കാലയളവിൽ എസ് വൈ എസ് ആചരിക്കുന്ന പരിസ്ഥിതി ക്യാമ്പയിനിന്റെ ജില്ല തല ഉദ്ഘാടനം കേച്ചേരി തലക്കോട്ടുകര സാന്ത്വനം സിറ്റിയിൽ നടന്നു.എസ് വൈ എസ് ജില്ല പ്രസിഡണ്ട് ബശീർ അശ്റഫിയുടെ അധ്യക്ഷതയിൽ വേലൂർ പഞ്ചായത്ത് പ്രസിഡണ്ട് ടി.ആർ ഷോബി ഉദ്ഘാടനം നിർവഹിച്ചു. ജില്ല പഞ്ചായത്ത് മെമ്പർ ജലീൽ ആദൂർ 35 യുവ കർഷകരെ പരിപാടിയിൽ വെച്ച് ആദരിച്ചു. കാർബൺ ന്യൂട്രൽ വൃക്ഷത്തൈ നടലിന് ആയുർ ജാക്ക് വർഗീസ് തരകൻ നേതൃത്വം നൽകി.ജില്ലയിൽ സൗജന്യമായി വിതരണം ചെയ്യുന്ന പച്ചക്കറി തൈകളുടെ വിതരണോദ്ഘാടനം അബ്ദുറഷീദ് വേലൂർ നിർവഹിച്ചു.സംസ്ഥാന സെക്രട്ടറി ശക്കീർ അരിമ്പ്ര മുഖ്യപ്രഭാഷണവും ജില്ല ജനറൽ സെക്രട്ടറി കെ.ബി ബഷീർ പ്രമേയ പ്രഭാഷണവും നടത്തി. കേരള മുസ്‌ലിം ജമാഅത്ത് ജില്ല സെക്രട്ടറി ജമാൽ ഹാജി തലക്കോട്ടുകര, എസ്.ജെ എം ജില്ല പ്രസിഡണ്ട് മുഹമ്മദലി സഅദി

എസ് വൈ എസ് ജില്ല ഭാരവാഹികളായ നിസാർ സഖാഫി,പി.എം സൈഫുദ്ദീൻ, അമീർ തളിക്കുളം, റിയാസ് വടക്കാഞ്ചേരി,ശാനിഫ് കേച്ചേരി, പി.എസ്.എം റഫീഖ് സംസാരിച്ചു.കൊളാഷ് പ്രദർശനം, പരിസ്ഥിതി സൗഹൃദ വസ്തുക്കളുടെ പ്രദർശനം എന്നിവയും നടന്നു. കാമ്പയിൻ കാലയളവിൽ അടുക്കളത്തോട്ടം, സന്ദേശ പ്രഭാഷണം, ഹാൻഡ്ബുക് വിതരണം, സംഘകൃഷി,

പരിസ്ഥിതി സംരക്ഷണം ഗ്രീൻ പ്രോട്ടോക്കോൾ എന്നീ ആശയങ്ങൾ കേന്ദ്രീകരിച്ച് ബോധവത്കരണ പരിപാടികൾ,വിത്ത് വിതരണം തുടങ്ങി വ്യത്യസ്ത പദ്ധതികൾ നടക്കും.

## തണൽ വീട്ടിൽ മരുന്നുകൾ വിതരണം നടത്തി



വരന്തരപ്പിള്ളി : വിഭിദ് ട്രസ്റ്റ് തണൽ വീട്ടിൽ സംഘടിപ്പിച്ച സൗഹൃദ സംഗമത്തിൽ വെച്ച് മാനസിക വെല്ലു വിളികൾ നേരിടുന്ന അന്തേവാസികൾക്കുള്ള മരുന്നുകൾ സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടം തണൽ വീട് സെക്രട്ടറി സി.എ.ബഷീറിന് നൽകി വിതരണം നടത്തി.അവർക്കുള്ള മോട്ടിവേഷൻ ക്ലാസ്സുകളും ആയുരാരോഗ്യത്തിനായി ടിപ്സുകളും നൽകി. സോഷ്യൽ വർക്കർ ഐഷ അലി അദ്ധ്യക്ഷയായിരുന്നു. വിഭിദ് ജനറൽ കൺവീനർ അൻവർ അബൂബക്കർ മുഖ്യ പ്രഭാഷണം നടത്തി.


### കോടതി പരസ്യം

### ബഹു. ഇരിങ്ങാലക്കുട റെന്റ് കൺട്രോൾ അപ്പലേറ്റ് അതോറിറ്റിമുമ്പാകെ

RCA: 7/2025

1) കൊടുങ്ങല്ലൂർ താലൂക്ക് ലോകമലേശ്വരം വില്ലേജ് ദേശത്ത് അലങ്കാരത്തുപറമ്പിൽ ജോസ് മകൻ 62 വയസ് സ്റ്റാൻലി
2) കൊടുങ്ങല്ലൂർ താലൂക്ക് ലോകമലേശ്വരം വില്ലേജ് ദേശത്ത് അലങ്കാരത്തുപറമ്പിൽ ജോസ് ഭാര്യ 57 വയസ് ഷൈനി സ്റ്റാൻലി

-അപ്പീൽ വാദികൾ

കൊടുങ്ങല്ലൂർ താലൂക്ക് എടവിലങ്ങ് വില്ലേജ് ടി ദേശത്ത് വെലിപറമ്പിൽ ഇബ്രാഹിം മകൻ 54 വയസ് നൗഷാദ്

-2-ാം അപ്പീൽ പ്രതി

മേൽ നമ്പർ അപ്പീൽ 2-ാം പ്രതിക്കുള്ള നോട്ടീസ് കോർട്ടിലും വാസസ്ഥലത്തും പതിച്ചുനടത്താൻ അനുവദിച്ച് 30-06-2025 തിയ്യതി വിചാരണക്ക് വെച്ചിരിക്കുന്നു. ടി അപ്പീലിന്മേൽ ആക്ഷേപമുണ്ടെങ്കിൽ ടിയാരോ അഡ്വക്കേറ്റോ അന്നേദിവസം രാവിലെ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം അപ്പീൽ ടിയാരെ കൂടാതെ തീർപ്പാക്കുമെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 30-05-2025
അപ്പീൽവാദിഭാഗം അഡ്വക്കേറ്റ്
വി. നാരായണൻ നമ്പൂതിരിപ്പാട്
(ഒപ്പ്)


## ഇരിങ്ങാലക്കുട ബാബുരാജ് വിരമിച്ചു



ഇരിങ്ങാലക്കുട: സാഹിത്യകാരൻ ഇരിഞ്ഞാലക്കുട ബാബുരാജ് 30 വർഷത്തെ സേവനത്തിനു ശേഷം കോടതി ശിരസ്തദാർ പദവിയിൽ നിന്നും വിരമിച്ചു. തൃശ്ശൂർ, എറണാകുളം, മലപ്പുറം ജില്ലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ആനുകാലികങ്ങളിലും ഓൺലൈൻ മാധ്യമരംഗത്തും സജീവമാണ്. കുളവാഴകൾ, ഫ്യൂച്ചർ പ്ലാൻ എന്നീ രണ്ട് കഥാസമാഹാരങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. കഥയ്ക്കും കവിതക്കും പുരസ്ക്കാരങ്ങൾ ലഭിച്ചിട്ടുള്ള അദ്ദേഹത്തിന് ഇരിഞ്ഞാലക്കുട കോടതിസമുച്ചയത്തിൽ സമുചിതമായ യാത്രയയപ്പ് നല്കി.




കരുവന്നൂരിൽ കട്ട പണം നിക്ഷേപകർക്ക് തിരിക്കെ നൽകണമെന്നും മുഴുവൻ പ്രതികളെയും അറസ്റ്റ് ചെയ്യണമെന്നും ആവശ്യപ്പെട്ട് ഡി.സി.സി യുടെ ആഹ്വാനപ്രകാരം തൃശൂർ-അയ്യന്തോൾ ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റികളുടെ നേതൃത്വത്തിൽ നടന്ന പ്രതിഷേധ സംഗമം ഡി.സി.സി പ്രസിഡണ്ട് അഡ്വ. ജോസഫ് ടാജറ്റ് ഉത്ഘാടനം ചെയ്യുന്നു.

## താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക



തൃശൂർ: നഗരസഭകളിൽ 20 വർഷം വരെ ജോലി ചെയ്തുവരുന്ന താൽക്കാലിക ജീവനക്കാർ നിലവിലുണ്ട്. സ്ഥിരപ്പെടുത്തുവാൻ പല നീക്കങ്ങൾ ഉണ്ടായെങ്കിലും ഇന്നും സാധ്യമായിട്ടില്ല. അടിയന്തരമായി ഇത്തരം ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന് തൃശൂർ ഡിസ്ട്രിക്ട് മുൻസിപ്പൽ & കോർപ്പറേഷൻ വർക്കേഴ്സ് യൂണിയൻ ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു. ജൂലായ് 9 ന് നടക്കുന്ന പൊതുപണിമുടക്കിൽ മുഴുവൻ തൊഴിലാളികളും പങ്കെടുത്ത് വിജയിപ്പിക്കുന്നതിന് സമ്മേളനം തീരുമാനിച്ചു. സി ഐ ടി യു ജില്ല ജനറൽ സെക്രട്ടറി യു.പി ജോസഫ് ഉദ്ഘാടനം ചെയ്തു. യൂണിയൻ ജില്ല പ്രസിഡണ്ട് സുനിൽ അദ്ധ്യക്ഷത വഹിച്ചു. സേവ്യർ ചിറ്റിലപ്പിള്ളി MLA, വടക്കാഞ്ചേരി നഗരസഭ ചെയർമാൻ സുരേന്ദ്രൻ, CITU വടക്കാഞ്ചേരി ഏരിയ സെക്രട്ടറി ട ബസന്ത് ലാൽ, വടക്കാഞ്ചേരി ഏരിയ സെക്രട്ടറി സജീഷ് കുമാർ എന്നിവർ പ്രസംഗിച്ചു. യാത്രയയപ്പ് സമ്മേളനം ഫെഡറേഷൻ സംസ്ഥാന പ്രസിഡണ്ട് അക്ബർ MLA ഉദ്ഘാടനം ചെയ്തു. ഭാരവാഹികൾ : പി.ജി സുബിദാസ് - പ്രസിഡണ്ട്, എം കെ സുനിൽ - സെക്രട്ടറി, പി.ജി സന്ധ്യ - ട്രഷറർ.

## അവധിക്കാല ക്യാമ്പ് നടത്തി

പെരിങ്ങാവ് റീഗൽ ലൈബ്രറി ആർട്സ് & സ്പോർട്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ അവധിക്കാല ക്യാമ്പ് നടത്തി. ലൈബ്രറി രക്ഷാധികാരി ഡോക്ടർ വർഗീസ് ചാക്കോള ഉദ്ഘാടനം ചെയ്തു. തുടർന്ന് കളികളും ചിരികളും അറിവുകളും എന്നീ വിഷയങ്ങളുമായി ക്യാമ്പ് ആരംഭിച്ചു. സമാപനസമ്മേളനം പി ഉദയകുമാർ. സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു.







### കോടതി പരസ്യം

### മതിലകം ബ്ലോക്ക് ഗ്രാമ ന്യായാലയ മുമ്പാകെ

OS: 74/2023

കൊടുങ്ങല്ലൂർ താലൂക്ക് എറിയാട് വില്ലേജ് മാടവന ദേശത്ത് സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്ന മാടവന ഗ്രാമ വ്യവസായ സഹകരണ സംഘം

-വാദി

1) കൊടുങ്ങല്ലൂർ താലൂക്ക് എറിയാട് വില്ലേജ് അത്താണി ദേശത്ത് കൊച്ചിക്കാരൻ വടക്കേവീട്ടിൽ റഹീം മകൻ രഹനാസ്
2) ടി താലൂക്ക് വില്ലേജ് ദേശത്ത് കുഴിക്കണ്ടത്തിൽ അഷ്റഫ് മകൻ നബീൽ

-2, 3 പ്രതികൾ

ജാമ്യകച്ചീട്ടാധാരപ്രകാരം വരേണ്ടും സംഖ്യക്കും പലിശക്കും മറ്റുമായി ബോധിപ്പിച്ച മേൽ നമ്പർ അന്യായത്തിലെ പ്രതികൾക്കുള്ള സമൻസ് കോർട്ടിലും വാസസ്ഥലത്തും പതിച്ചുനടത്താൻ അനുവദിച്ച് ഉത്തരവായി മേൽ നമ്പർ കേസ് 01-07-2025 തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ളതും മേൽ കാര്യത്തിൽ എന്തെങ്കിലും തർക്കങ്ങൾ ഉണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് മേപ്പടി കോടതി മുമ്പാകെ നേരിട്ടോ അഡ്വക്കേറ്റ് മുഖേനയോ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ തന്നെ മേൽ നമ്പർ കേസ് തീരുമാനിക്കുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 29-3-2025
വാദി ഭാഗം അഡ്വക്കേറ്റ്
**രമ്യ പി.** (ഒപ്പ്)



### കോടതി പരസ്യം

### ബഹു. തൃശൂർ കുടുംബ കോടതി മുമ്പാകെ

OP: 1931/2022, IA: 4/2024, IA: 5/2025

പാലക്കാട് ജില്ല പൂലപ്പറ്റ ദേശത്ത് പിൻ-678632 കണ്ണെരിതൊടി വീട്ടിൽ രാധാകൃഷ്ണൻ മകൻ 34 വയസ് സത്യരാജ്

-ഹരജിക്കാരൻ

തൃശൂർ ജില്ല തൃശൂർ താലൂക്ക് വല്ലച്ചിറ ദേശത്ത് വല്ലച്ചിറ പി ഒ., പിൻ-680562 തറയിൽ വീട്ടിൽ താമസം പ്രതാപൻ മകൾ 23 വയസ്, അമൃത പ്രതാപൻ. ടിയാരിക്ക് വേണ്ടി രക്ഷിതാവും അമ്മയുമായ തൃശൂർ താലൂക്ക് വല്ലച്ചിറ ദേശത്ത് വല്ലച്ചിറ പി ഒ, പിൻ-680562 തറയിൽ വീട്ടിൽ താമസം പ്രതാപൻ ഭാര്യ ഉദ്ദേശം 44 വയസ് സ്വപ്ന കെ കെ.

- എതൃകക്ഷി

മേൽ നമ്പറിലെ എതൃകക്ഷിക്കുള്ള നോട്ടീസ് വാസസ്ഥലത്തും കോടതിയിലും പതിച്ചുനടത്താൻ അനുവദിച്ച് മേൽ നമ്പർ കേസ് 08-07-2025 തിയ്യതി വിചാരണക്ക് വെച്ചിരിക്കുന്നു. ഇക്കാര്യത്തിൽ എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ബാധിപ്പിക്കേണ്ടതാണെന്നും ഇതിനാൽ ബോധിപ്പിച്ചു കൊള്ളുന്നു.

എന്ന്, 27-05-2025
ഹരജി ഭാഗം അഡ്വക്കേറ്റ്
**വി എൻ രാജീവൻ** (ഒപ്പ്)